LIBRARY ARCHIVES Kerala Legislative Assembly

VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ അംഗീകാരവും സ്വാശ്രയ മെഡിക്കൽ കോളേജുകളുമായുള്ള ധാരണാപത്രവും സംബന്ധിച്ച്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഈ സഭയുടെ കാലയളവിൽ ഭരണ-പ്രതിപക്ഷ ഭേദമന്യേ അംഗങ്ങൾ ആശങ്കയറിയിച്ച വിഷയമായിരുന്നു മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. പ്രവേശനവും സ്വാശ്രയ മെഡിക്കൽ കോളേജുകളുമായിട്ടുള്ള കരാറും. ഇതിനോടനുബന്ധിച്ച് രണ്ട് അടിയന്തരപ്രമേയങ്ങൾ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. അന്ന് സഭയ്ക്ക് നൽകിയ ഉറപ്പുകളിന്മേൽ സ്വീകരിച്ച നടപടികൾ സഭയെ അറിയിക്കുന്നതിനാണ് ഈ പ്രസ്താവന.

2013 വരെ സംസ്ഥാനത്ത് അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളാണുണ്ടായിരുന്നത്. മുപ്പത് വർഷങ്ങൾക്കുശേഷം 2013-ൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചു. 100 എം.ബി.ബി.എസ്. സീറ്റുകളിലേക്കാണ് അഡ്മിഷൻ നടത്തിയത്. സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളില്ലാത്ത എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കണമെന്നതാണ് സർക്കാർ നയം. ഇതിന്റെ ഭാഗമായിട്ടാണ് 2013-ൽ മഞ്ചേരി മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചത്. ഈ വർഷം ഇടുക്കിയിലെ മെഡിക്കൽ കോളേജും അടുത്ത വർഷം തിരുവനന്തപുരത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജും പ്രവർത്തനം ആരംഭിക്കുന്നതാണ്. ഈ വർഷംതന്നെ പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ പാലക്കാട് മെഡിക്കൽ കോളേജ് പ്രവർത്തനമാരംഭിക്കുകയാണ്. അതോടൊപ്പംതന്നെ, ഈ വർഷം മുതൽ സർക്കാർ ഏറ്റെടുത്ത എറണാകുളം മെഡിക്കൽ കോളേജിൽ 100 സീറ്റുകളിലും മെരിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുകയാണ്. സർക്കാർ മെഡിക്കൽ കോളേജുകളിൽ 2013 വരെ ആകെ 900 എം.ബി.ബി.എസ്. സീറ്റുകളാണുണ്ടായിരുന്നത് (തിരുവനന്തപുരം 200, കോഴിക്കോട് 250, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ 150 വീതം) മഞ്ചേരിയിൽ 100 സീറ്റുകൾകൂടി വന്നപ്പോൾ 1000 ആയി. എറണാകുളം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതോടെ സർക്കാർ മേഖലയിലെ ആകെ സീറ്റുകളുടെ എണ്ണം 1100 ആയി. കോഴിക്കോട് മെഡിക്കൽ കോളേജിലെ 50 സീറ്റുകൾ നഷ്ടപ്പെടുമെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിശോധനയിൽ സൂചിപ്പിച്ചിരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിലെ തുടർപരിശോധനയിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനാൽ അവിടത്തെ 100 സീറ്റുകളിലേക്കുള്ള അഡ്മിഷൻ തടസ്സപ്പെടുമെന്ന അവസ്ഥയും വന്നു. സർക്കാരിന്റെ സമയോചിതമായ ഇടപെടൽമൂലവും ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കാൻ നടത്തിയ ആത്മാർത്ഥമായ ശ്രമങ്ങളാലും മെഡിക്കൽ കൗൺസിലിനെയും കേന്ദ്രസർക്കാരിനെയും ബോദ്ധ്യപ്പെടുത്താനായി മഞ്ചേരി മെഡിക്കൽ കോളേജിന് തുടർഅംഗീകാരവും കോഴിക്കോട് മെഡിക്കൽ കോളേജിലെ 50 അധിക സീറ്റുകൾ നിലനിർത്താനും സർക്കാരിന് കഴിഞ്ഞു. ഇതിനെല്ലാ

LIBRARY ARCHIVES Kerala Legislative Assembly

മുപരിയായി ഇടുക്കിയിൽ പുതിയ മെഡിക്കൽ കോളേജിന് അംഗീകാരം നേടിയെടുക്കാനും അതുവഴി 50 പുതിയ എം.ബി.ബി.എസ്. സീറ്റുകൾ ലഭ്യമാക്കാനും സർക്കാരിന് കഴിയുകയുണ്ടായി. പാലക്കാട് പട്ടികജാതി വികസന വകുപ്പിന്റെ പുതിയ മെഡിക്കൽ കോളേജിനും കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇവിടെ 100 സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 70 സീറ്റുകൾ പട്ടികജാതി വിഭാഗത്തിനായി മാറ്റി വച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ആരോഗ്യവകുപ്പ് സെക്രട്ടറിയും കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രിയുമായും ഉന്നത ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി. സംസ്ഥാന സർക്കാർ ചെയ്ത കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞതിനാലാണ് മഞ്ചേരി, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ 150 സീറ്റുകൾക്ക് തുടർ അംഗീകാരവും ഇടുക്കിയിലെയും പാലക്കാട്ടെയും പുതിയ മെഡിക്കൽ കോളേജുകൾക്ക് 150 സീറ്റുകളും നേടിയെടുക്കാൻ കഴിഞ്ഞത്. അങ്ങനെ ഈ വർഷം മുൻവർഷത്തേക്കാൾ 25 ശതമാനം സീറ്റുകളിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ അധികമായി അഡ്മിഷൻ നടത്താൻ കഴിയുന്നതാണ്. അതായത്, മുൻവർഷത്തെ 1000 സീറ്റുകൾ എന്നുള്ളത് ഈ വർഷം 1250 സീറ്റുകളായി.

ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള നാല് ക്രിസ്ത്യൻ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സംസ്ഥാനത്ത് പതിനാറ് സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് കഴിഞ്ഞ വർഷംവരെ ഉണ്ടായിരുന്നത്. ഇവയിൽ പതിനാലെണ്ണം സർക്കാരുമായി കരാറിലേർപ്പെട്ടിരുന്നു. ഈ വർഷം സർക്കാർ മുഖ്യമന്ത്രിതലത്തിൽ സ്വാശ്രയ കോളേജുകളുമായി 26-5-2014-ന് ചർച്ച നടത്തിയിരുന്നു. ചില സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ തുടർ അംഗീകാരം ലഭിക്കാത്തതിനാൽ ഈ വർഷം പ്രവേശനം നടത്താൻ കഴിയുമോ എന്ന സംശയത്തിലാണെന്നും ഇതിനാൽ സുപ്രീംകോടതി ഉത്തരവനുസരിച്ച് 31-5-2014-നുമുമ്പ് സ്വന്തമായി പ്രവേശന പരീക്ഷ നടത്താൻ കഴിഞ്ഞില്ലെന്നും ഈ ആവശ്യത്തിനായി സുപ്രീംകോടതിയെ സമീപിക്കുകയാണെന്നും അവർ ചർച്ചയിൽ വ്യക്തമാക്കിയിരുന്നു. അതനുസരിച്ച് പ്രവേശനപരീക്ഷ നടത്തുന്നതിനുള്ള അനുമതിക്കായി അവർ സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്. അമ്പത് ശതമാനം സീറ്റുകൾ സർക്കാരിന് മെരിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുന്നതിനായി തരുന്നതിന് വിരോധമില്ലെന്ന് മാനേജ്മെന്റുകൾ ചർച്ചയിൽ സമ്മതിക്കുകയുണ്ടായി. മാനേജ്മെന്റിന്റെ അമ്പത് ശതമാനം സീറ്റിൽ എപ്രകാരം പ്രവേശനം നടത്തണമെന്നത് സംബന്ധിച്ച് മാത്രമായിരുന്നു അവരുടെ പ്രശ്നം. സുപ്രീംകോടതി ഉത്തരവ് വന്നശേഷംമാത്രമേ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകുകയുള്ളൂ. സർക്കാരിന് 50 ശതമാനം സീറ്റ് നൽകുന്നതിൽ ആർക്കും എതിർപ്പില്ലായിരുന്നു.

ക്രിസ്ത്യൻ മാനേജ്മെന്റ് ഉൾപ്പെടെ ഇപ്പോൾ 19 സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് സംസ്ഥാനത്തുള്ളത്. ഇതിൽ കരുണ മെഡിക്കൽ കോളേജും സർക്കാരുമായിട്ടുള്ള കേസ് നിലനിൽക്കുന്നു. ആരോഗ്യ സർവ്വകലാശാലയും അവർക്കെതിരെ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കണ്ണൂർ,

ഗോകുലം, മലബാർ എന്നീ മൂന്ന് മെഡിക്കൽ കോളേജുകൾക്ക് മെഡിക്കൽ കൗൺസിലിന്റെ ഇടർമാംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. MES കോളേജിന് ന്യൂനപക്ഷ പദവിയുള്ളതിനാൽ സ്വയം അഡ്മിഷൻ നടത്തുമെന്ന് പ്രസ്തുത സ്ഥാപനം പ്രഖ്യാപിച്ചിരിക്കുകയാണ്. ബാക്കി പതിനാല് കോളേജുകളുമായിട്ടാണ് സർക്കാർ കരാറിലേർപ്പെടേണ്ടത്. അതിൽ പന്ത്രണ്ട് കോളേജുകൾ ഇതിനകം കരാർ ഒപ്പിട്ടുകഴിഞ്ഞു. ബാക്കി അംഗീകാരം ലഭിച്ച കെ.എം.സി.റ്റി., ട്രാവൻകൂർ മെഡിസിറ്റി എന്നീ കോളേജുകൾ ഉടൻ കരാറിലേർപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോൾ ഇടർ അംഗീകാരം ലഭിക്കാത്ത കോളേജുകളിൽ ഗോകുലം, മലബാർ മെഡിക്കൽ കോളേജുകൾ അംഗീകാരം ലഭിച്ചാലുടൻ കരാർ ഒപ്പിടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മുൻവർഷം സർക്കാർ മെഡിക്കൽ കോളേജുകളിൽ 1000 സീറ്റുകളും സ്വാശ്രയ മേഖലയിൽ 875 സീറ്റുകൾ ഉൾപ്പെടെ 1875 എം.ബി.ബി.എസ്. സീറ്റുകളാണ് മെരിറ്റടിസ്ഥാനത്തിൽ സർക്കാരിന് അഡ്മിഷനായി ലഭിച്ചത്. അതേസമയം, ഈ വർഷം സർക്കാർ മേഖലയിൽ 1250 സീറ്റുകളും സ്വാശ്രയ മേഖലയിൽ ഇതുവരെ ഒപ്പിട്ട 12 കോളേജുകളിൽ (എട്ട് സഹകാര്യ കോളേജുകൾ + നാല് ക്രിസ്ത്യൻ മാനേജ്മെന്റ് കോളേജുകൾ) 675 സീറ്റുകളും പരിയാരം മെഡിക്കൽ കോളേജിലെ 50 സീറ്റുകളും ഉൾപ്പെടെ 1975 സീറ്റുകൾ സർക്കാരിന് മെരിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുന്നതിന് ഇതുവരെ ലഭ്യമാണ്. ഡെന്റൽ കോളേജുകളും സർക്കാരുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സ്വാശ്രയ ആയുർവ്വേദ മെഡിക്കൽ കോളേജുകളും സർക്കാരുമായി ധാരണയിലെത്തിയിട്ടുണ്ട്.

അംഗീകാരം ലഭിച്ച കോളേജുകൾ സർക്കാരുമായി ധാരണയുണ്ടാക്കാൻ തയ്യാറായില്ലെങ്കിൽ അവർക്ക് അഫിലിയേഷൻ നൽകുന്നതല്ലെന്ന് ആരോഗ്യ സർവ്വകലാശാല തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് പഠനവുമായി ബന്ധപ്പെട്ട് സർക്കാർ പല സൗകര്യങ്ങളും നൽകാറുണ്ട്. കരാറിലേർപ്പെടാത്ത കോളേജുകൾക്ക് ഇത് തുടർന്ന് നൽകുന്ന കാര്യം സർക്കാർ പുനഃപരിശോധിക്കുന്നതാണ്.

സഭയിൽ മുന്പ് പ്രസ്താവിച്ചിട്ടുള്ളതുപോലെ ഇക്കാര്യത്തിൽ സർക്കാർ നടത്തിയ ആത്മാർത്ഥമായ ശ്രമങ്ങളുടെ ഫലമായാണ് സർക്കാർ മേഖലയിൽ കൂടുതൽ സീറ്റുകൾ നേടിയെടുക്കാനും സ്വാശ്രയ കോളേജുകളിൽ ഭൂരിഭാഗവുമായി എഗ്രിമെന്റിൽ ഏർപ്പെടാനും സർക്കാരിന് കഴിഞ്ഞത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ...(ബഹളം).....

<u>മി. സ്പീക്കർ:</u> ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിന്മേൽ ഡിസ്കഷൻ അനുവദിക്കാൻ കഴിയില്ല. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് എത്രയാണ്? ആ തുക എത്രയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. ഇതുസംബന്ധിച്ച് കരാർ ഉണ്ടാക്കിയെന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞു. ആ കരാർ അനുസരിച്ച് എത്ര തുകയാണ് വിദ്യാർത്ഥികൾക്ക് ഫീസ് കൊടുക്കാൻ ഗവൺമെന്റ് സമ്മതിച്ചിട്ടുള്ളത്? .....(ബഹളം).....

മി. സ്പീക്കർ : ....പ്ലീസ്....പ്ലീസ്..... .....(ബഹളം)..... ഞാൻ ഒരു മിനിറ്റ് പറയട്ടെ. നിങ്ങൾ ഒച്ചയുണ്ടാക്കുന്നോ, അതോ ചെയർ പറയുന്നത് കേൾക്കുന്നോ ? .....(ബഹളം)..... എല്ലാം പ്രധാനപ്പെട്ട പ്രശ്നമാണ്. ഞാനും വിദ്യാർത്ഥി ജീവിതത്തിലൂടെ കടന്നുവന്നതാണ്. നിങ്ങളുടെ വികാരം എനിക്ക് മനസ്സിലാകും. ഏതിനും ഒരു സിസ്റ്റമുണ്ട്. ഇവിടെ ഒരു വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് സ്റ്റേറ്റ്മെന്റ് നടത്തണമെന്ന് നിയമസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടാൽ സമയം കണ്ടെത്തി അത് അനുവദിക്കും. അത് ഇന്നിവിടെ അനുവദിച്ചു. നിങ്ങൾക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും അറിയാനുണ്ടെങ്കിൽ പ്രത്യേകമായി ആവശ്യപ്പെട്ടാൽ അതിന് വേറെ ചർച്ചയും മറുപടിയും അനുവദിക്കും. ചട്ടം 300-നോടനുബന്ധിച്ച് ചർച്ച സാദ്ധ്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സഭ ഇന്ന് പിരിയുകയാണ്. ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ഞങ്ങൾ ചോദ്യം ചെയ്യുന്നില്ല. അത് ചട്ടപ്രകാരം ചെയ്താൽമതി. ഞങ്ങൾക്ക് അറിയേണ്ടത് ഈ കരാർ പ്രകാരം മെരിറ്റ് സീറ്റിൽ എത്രയാണ് ഫീസ് കൊടുക്കേണ്ടത് ? ആ കരാറിനെ സംബന്ധിച്ച് ഇവിടെ രണ്ടുപ്രാവശ്യം അടിയന്തരപ്രമേയം ചർച്ച ചെയ്തതാണ്. അടിയന്തര പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ആ കരാറിലെ വ്യവസ്ഥകൾ മേശപ്പുറത്ത് വയ്ക്കണം. ഫീസ് എത്രയാണെന്ന് ഈ സഭയ്ക്ക് അറിയണം ; അതാണ് പ്രശ്നം. .....(ബഹളം).....

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ...

മി. സ്പീക്കർ : ഇല്ല, മന്ത്രിക്ക് അങ്ങനെ സംസാരിക്കാൻ കഴിയില്ല. മന്ത്രിക്ക് അറിയാൻ കഴിയാഞ്ഞിട്ടാണ്. ഇപ്പോൾ പറ്റില്ല. ചട്ടം 300-നോട് അനുബന്ധമായി സംസാരിക്കാൻ കഴിയില്ല. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന അങ്ങ് വായിച്ചു കഴിഞ്ഞു. നിങ്ങൾ ഓരോരുത്തരും ഇഷ്യു ഉണ്ടാക്കിയാൽ ചെയറിന് സഭ മുന്നോട്ട് കൊണ്ടുപോകണ്ടേ. സഭ പിരിയുന്നതിനുമുമ്പ് അതിനുള്ള സമയം കണ്ടെത്തി ഇക്കാര്യത്തിൽ വിശദമായ മറുപടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നൽകുന്നതാണ്.